(ബി) ഇവയിൽ 54 പരാതികളിൽ വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ട്. മറ്റ് പരാതികൾ അനന്തരനടപടികൾക്കായി ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്കും വകുപ്പു മേധാവികൾക്കും അയച്ചുകൊടുത്തിട്ടുണ്ട്.

(സി) 5 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ഡി) ലഭിച്ച പരാതികളിൽ വിജിലൻസ് അന്വേഷണം ആവശ്യമാണെന്നുകണ്ട പരാതികളിന്മേൽ വിജിലൻസ് അന്വേഷണത്തിന് ഉത്തരവ് നൽകിയിട്ടുണ്ട്. മറ്റു പരാതികൾ അനന്തരനടപടികൾക്കായി ബന്ധപ്പെട്ട വകുപ്പുകൾക്കും വകുപ്പു മേധാവികൾക്കും അയച്ചുകൊടുത്തിട്ടുണ്ട്.

(ഇ) നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം 50,000-ലധികം രൂപയുടെ സാമ്പത്തിക ക്രമക്കേടുകൾ നടന്നിട്ടുള്ള കേസുകളിലാണ് വിജിലൻസ് അന്വേഷണത്തിന് നിർദ്ദേശം നൽകാറുള്ളത്. എന്നാൽ കേസിന്റെ സ്വഭാവം പരിശോധിച്ച് 50,000/- രൂപയിൽ താഴെയുള്ള സാമ്പത്തിക ക്രമക്കേടുകൾ സംബന്ധിച്ച കേസുകളിലും വിജിലൻസ് അന്വേഷണത്തിന് നിർദ്ദേശം നൽകാറുണ്ട്. ഇത്തരം എല്ലാ കേസ്സുകളിലും വിജിലൻസ് അന്വേഷണം നടത്തുക പ്രായോഗികമല്ല.

39-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

35(40) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1987-88-ൽ സംസ്ഥാനത്ത് എത്ര ശതമാനം പേർ ദാരിദ്ര്യരേഖയ്ക്ക് താഴെയായിരുന്നു;

(ബി) ജനകീയാസൂത്രണ പ്രവർത്തനങ്ങൾ ആരംഭിക്കുന്ന സമയത്ത് എത്ര ശതമാനം പേർ ദാരിദ്ര്യരേഖയ്ക്ക് താഴെയായിരുന്നു;

(സി) ജനകീയാസൂത്രണ പ്രവർത്തനം ആരംഭിച്ചശേഷം ഓരോ വർഷത്തിന്റേയും അവസാനം ദാരിദ്ര്യരേഖയുടെ താഴെ എത്ര ശതമാനം പേർവീതം ഉണ്ടായിരുന്നു?

ഉത്തരം

(എ) 1987-88-ൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ കണക്ക് എടുത്തിട്ടില്ല. എന്നാൽ 1985-ലെ ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം പഞ്ചായത്ത് പ്രദേശത്തിൽ 80,36,276 പേർ ദാരിദ്ര്യരേഖയ്ക്കും താഴെയാണ്. തുടർന്നുള്ള സർവ്വേ 1992-ൽ ആണ് നടത്തിയിട്ടുള്ളത്.

(ബി) ജനകീയാസൂത്രണ പ്രവർത്തനങ്ങൾ ആരംഭിക്കുന്ന സമയത്ത് ദാരിദ്ര്യ രേഖയ്ക്ക് താഴെ എത്ര ശതമാനം ഉണ്ടെന്നുള്ള വിവരം പ്രത്യേകമായി എടുത്തിട്ടില്ല. 1992-ലെ ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം സംസ്ഥാനത്ത് പഞ്ചായത്ത് പ്രദേശങ്ങളിൽ 1,98,638 പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളും 33,664 പട്ടിക വർഗ്ഗകുടുംബങ്ങളും 15,56,672 ഇതര വിഭാഗങ്ങ

LIBRARY ARCHIVES Kerala Legislative Assembly

ളിൽപ്പെട്ട കുടുംബങ്ങളും ഉൾപ്പെടെ 17,86,874 കുടുംബങ്ങൾ ദാരിദ്ര്യരേ ഖയ്ക്ക് താഴെയായിരുന്നു. ഈ സർവ്വേ റിപ്പോർട്ടിൽ 1.1.1994 അഡീഷണൽ സർവ്വേ പ്രകാരം 6.888 പട്ടികജാതി/പട്ടികവർഗ്ഗക്കാരെക്കൂടി ചേർത്തിട്ടുണ്ട്.

(സി) ജനകീയാസൂത്രണ പ്രവർത്തനം അനുവദിച്ച ശേഷം ഓരോ വർഷവും ദാരിദ്ര്യരേഖയ്ക്ക് താഴെ എത്ര ശതമാനം ഉണ്ടെന്നുള്ള വിവരം കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ല.

36(41) 2000-2001-ലെ പദ്ധതി ചെലവ്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000-2001 ലെ പദ്ധതി ചെലവ് എത്രയായാണ് നിജപ്പെടുത്തിയത്;

(ബി) 2000 ജൂൺ 30 സെപ്തംബർ 30, നവംബർ 30 എന്നീ തീയതികൾ വരെ പദ്ധതി പ്രവർത്തനത്തിന് യഥാക്രമം എന്തു തുക വീതം ചെലവായി;

(സി) കൃഷി, വ്യവസായം, വൈദ്യുതി, പട്ടികജാതി-പട്ടികവർഗ്ഗ-പിന്നോക്ക സമുദായ ക്ഷേമം, പൊതുജനാരോഗ്യം വിദ്യാഭ്യാസം എന്നീ ഇനങ്ങൾക്ക് 2000-2001 ലേക്ക് എന്തു തുക വീതം നീക്കി വച്ചു എന്നും 2000 ജൂൺ 30, സെപ്തംബർ 30, നവംബർ 30 എന്നീ തീയതികൾ വരെ ഈ ഓരോ ഇനത്തിനും യഥാക്രമം എന്തു തുക വീതം ചെലവായി എന്നും പറയുമോ;

(ഡി) 2000-2001-ലെ പദ്ധതി ചെലവ് വെട്ടിക്കുറയ്ക്കാൻ ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ എന്തു തുക വെട്ടിക്കുറയ്ക്കാൻ ഉദ്ദേശിക്കുന്നു;

(ഇ) കീ സെക്ടറിലുള്ള ഓരോയിനത്തിനും എന്തു തുക കുറവു വരുത്തുവാൻ ഉദ്ദേശിക്കുന്നു;

(എഫ്)പദ്ധതി തുക വെട്ടിക്കുവാൻ കാരണമെന്ത്?

ഉത്തരം

(എ) ബഡ്ജറ്റ് വിഹിതം 3535 കോടി രൂപ. എന്നാൽ ആസൂത്രണ കമ്മീഷൻ 3317 കോടി രൂപയുടെ കോർ പ്ലാൻ ആണ് അംഗീകരിച്ചിരിക്കുന്നത്.

(ബി) 2000 ജൂൺ 30 വരെ 360.54 കോടി രൂപയും, 2000 സെപ്തംബർ 30 വരെ 901.20 കോടി രൂപയും 2000 നവംബർ 30 വരെ 1452.56 കോടി രൂപയും പദ്ധതി പ്രവർത്തനത്തിനു ചെലവായിട്ടുണ്ട്.

(സി) വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി-എഫ്)ഇപ്പോൾ പരിഗണനയിലില്ല.

---

* അനുബന്ധം XIV

LIBRARY ARCHIVES Kerala Legislative Assembly